## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4690    26.10.2016-ൽ മറുപടിയ്ക്ക്

### ശുദ്ധജല വിതരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ :** | | **മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി)** |
| എ | സംസ്ഥാനത്ത് ശുദ്ധജല വിതരണം ശക്തിപ്പെടുത്തുന്നതിന് ചെറുകിട ജല വിതരണ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ; | എ യും ബി യും ജലവിതരണം നടത്തേണ്ട പ്രദേശത്തിന് സമീപം പ്രധാന സ്രോതസ്സുകൾ ഒന്നും ഇല്ലാതിരിക്കുകയും അടുത്തുള്ള പ്രധാന സ്രോതസ്സുകളിൽ നിന്നും ജലം എത്തിക്കുന്നത് വളരെ ചിലവേറിയതാവുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഒരു പ്രത്യേക പ്രദേശത്തിനോ കോളനികൾക്കോ ആയി ചെറുകിട ജലവിതരണ പദ്ധതികൾ ധനലഭ്യതയ്ക്കനുസരിച്ച് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.<br>കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് കൂടുതലായും ചെറുകിട പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി കുടിവെള്ള വിതരണം ശക്തിപ്പെടുത്തുന്നതിന് ജലനിധി പദ്ധതി വഴി സാദ്ധ്യമാകുന്നുണ്ട്. |
| ബി | ജലക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ? | |

Renuka Sankar
സെക്ഷൻ ഓഫീസർ